# Back 2 Bible

ദൈവ വചനത്തിലേക്ക് അത് വിളിച്ചു പറയുന്ന സത്യങ്ങളിലേക്ക് ഒരു മടങ്ങിപ്പോക്ക്

For online Circulation Vol. 1 Issue 1 Feb. 2008

## സത്യം വിലയ്ക്ക് വാങ്ങുക അത് വില്ക്കരുത്.

സത്യം വിലയ്ക്ക് വാങ്ങുക അത് വില്ക്കരുത്. ആയിരക്കണക്കിന് വർഷക്കൾക്ക് മുമ്പ് സദൃശവാക്യക്കാരൻ ഇങ്ങനെ എഴുതുമ്പോൾ (സദൃ. 23:23) സത്യത്തേ വിലക്കുന്നവർ ഉണ്ടായിരന്നുവോ? അറിയില്ല. എന്നാൽ യേശുവിന്റെ യഥാർത്ഥ വിലയറിയാതെ മുപ്പതു വെള്ളിക്കാശിന് അവനെ വിറ്റുകളഞ്ഞ യൂദാ ഇസ്കോരിയാത്താവ് മുതൽ സത്യവചനത്തേ യാതൊരു മടിയും കൂടാതെ വിറ്റുകൊണ്ടിരിക്കുന്ന ആധുനിക ബിലയാംമാർ വരെ ഇന്നും ഈ നിര വളരെ നീളുകയാണ്. വചനത്തേ അതിന്റെ അന്തഃസത്തയെ ധിക്കരിച്ചുകൊണ്ടുള്ള ഓട്ടം നാശത്തിലേക്കെന്ന് ഒരു പിൻവിളി അതാണ് ബാക്ക് ടൂ ബൈബിൾ. വിളി കേട്ട് എല്ലാവരും തിരിഞ്ഞു നില്ലക്കുമെന്ന് വ്യാമോഹിക്കുന്നില്ല. ചിലരെങ്കിലും വചനം തെളിക്കുന്ന നേരിന്റെ, ജീവന്റെ, മാർഗ്ഗത്തിലേക്ക് മടങ്ങിവന്നാൽ, അതു മാത്രമാണ് ലക്ഷ്യം. ഇതൊരു പകൽ സ്വപ്നമല്ല. ദൈവിക നിയോഗത്തിനനുസരിച്ച് ആത്മസർപ്പണത്തോടുള്ള ആദ്യ ചുവടുവെപ്പാണിത്.

ഇന്ന് ലോകം നേരിടുന്ന എല്ലാ പ്രശ്നത്തിന്റെയും പരിഹാരം വിശുദ്ധ വേദപുസ്തകം മാത്രമാണ്. ദൈവവും വേദപുസ്തകവും കൂടാതെ ലോകം ഭരിക്കുക അസാദ്ധ്യമെന്ന് ജോർജ്ജ വാഷിംഗ്ടൺ പറഞ്ഞുവെങ്കിൽ അതിൽ ഒട്ടും അതിശയോക്തിയില്ല. ലോകം മുങ്ങിത്താഴുന്ന ഒരു കപ്പലാണ്. അതിൽ ആർക്കും ഒരു സമാധാനവും ലഭിക്കില്ല. എന്നാൽ വചനത്തിന്റെ സത്യമറിഞ്ഞവർ അത് അംഗീകരിച്ചവർ ഡി. എൽ മൂഡി പറഞ്ഞതുപോലെ 'ദൈവത്തിന്റെ ലൈഫ് ബോട്ടിൽ' കയറിയവരാണ്. കപ്പൽ മുങ്ങിയാലും ഇവർ അക്കരെയെത്തുക തന്നെ ചെയ്യും.

എന്റെ ജനം മടങ്ങിവരവിനുള്ള കാലം അറിയുന്നില്ല എന്ന് പ്രവാചകൻ പ്രവചിച്ചതുപോലെ ദൈവത്തിലേക്ക് മടങ്ങി വരുവാൻ മടികാട്ടുന്ന മക്കളൊടുള്ള വിളി സ്വർഗ്ഗം ഇന്നും തുടരുകയാണ്. തെറ്റിപോയ വഴിയിൽ നിന്ന് മടങ്ങിവരുവാനുള്ള വഴികാട്ടയാണ് ബൈബിൾ. ഭാരതത്തിലെ ക്രൈസ്തവരുടെ ശതമാനക്കണക്കുകൾ നാം കോൾക്കാറുണ്ട് ശതമാനം ഉയർത്താനുള്ള തീവ്ര ശ്രമങ്ങളും കണ്ടുവരുന്നു. എന്നാൽ എന്റെ മനസ്സിനെ വേദനിപ്പിക്കു മറ്റൊരു പ്രശ്നമുണ്ട്. ഉണ്ടെന്ന് പറയുന്ന ശതമാനത്തിൽ എത്രപേർ യഥാർത്ഥ വിശ്വാസികളാണ്. എത്രപേർ കർത്താവിന്റെ വരവിൽ എടുക്കപ്പെടുവാൻ ഒരുക്കമുള്ളവരാണ്. എലിയാവിന്റെ കാലത്ത് യിസ്രായേൽ എന്ന് പേരുണ്ടെങ്കിലും ബാലിനെ സേവിക്കുന്ന ജനത്തേപോലെയല്ലെ ഇന്നത്തെ ക്രൈസ്തവർ.

വിഗ്രഹാരാധനയും ദുരുപദേശങ്ങളും നിറഞ്ഞ് വാണിജ്യവത്കരിക്കപ്പെട്ട ക്രൈസ്തവ സമൂഹങ്ങൾ സാത്താന്റെ ജയിലറകളായി മാറിയിരിക്കുന്നു. സത്യമറിയാതെ ശതകോടികൾ ഇന്ന് പള്ളികളുടെ, ആചാരനുഷ്ഠാനങ്ങളുടെ തടവറയിലാണ്. സാത്താന്റെ കാരാഗ്രഹ പ്രമാണിമാർ മുതൽ സാധാരാണ തടവുകാർ വരെ പുറത്തുവരുന്ന കരാഗ്രഹത്തിന്റെ അടിസ്ഥാനത്തേക്കുലുക്കുന്ന ഒരു ഭൂകമ്പം അതാണ് ഞങ്ങൾക്ക് വേണ്ടത്. ക്രൈസ്തവലോകത്തെ അതിന്റെ അടിസ്ഥാനങ്ങളിലേക്ക്, ദൗത്യത്തിലേക്ക്, ദർശനങ്ങളിലേക്ക് മടക്കിവരുത്തുന്ന ഒരു നവീകരണം അതാണ് ഞങ്ങളുടെ ലക്ഷ്യം. ഈ ലക്ഷ്യവുമായി പ്രവർത്തിക്കുന്ന അനേക ദൈവമക്കളോടൊപ്പം ഞങ്ങളും ഈ ഓൺലൈൻ മാഗസിനിലൂടെ ഞങ്ങളുടെ സാന്നിദ്ധ്യമറിയിക്കുകയാണ്.

വാക്കിന്റെ ശക്തി എന്തെന്ന് നിർവ്വചിക്കുവാൻ കഴിയില്ല. അക്ഷരങ്ങൾ വാക്കുകളായി, വാക്കുകൾ വചനത്തിന്റെ വാളുകളായി മറട്ടെയെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ആ വാളുകൾ ആത്മീക കാഴ്ച്ചമങ്ങിയ ലേവി പുരോഹിതന്മാരുടെ തിമിരമറുക്കുവാൻ, ബിലയാമിന്റെ വഴിമുടക്കുവാൻ ഇടയാക്കട്ടെ. ഈ പ്രവർത്തനത്തിന് വേണ്ട ഒത്താശകൾ ചെയ്തു തന്ന എല്ലാവർക്കും പ്രത്യേകിച്ചും ബാക്ക് ടൂ ബൈബിൾ എഡിറ്റോറിയൽ ബോഡിനും നന്ദി. നിങ്ങളുടെ ക്രീയാത്മകമായ പ്രതികരണങ്ങൾ, നിർദ്ദേശങ്ങൾ ഇവ ഞങ്ങളെ അറിയിച്ചാലും. പ്രാർത്ഥനാപൂർവ്വം ബാക്ക് ടൂ ബൈബിൾ ഓൺലൈൻ മാഗസിൻ ക്രൈസ്തവലോകത്തിനായി സമർപ്പിക്കുന്നു.

ക്രിസ്തുവിൽ നിങ്ങളുടെ സഹോദരൻ,
പാസ്റ്റർ ഫിന്നി ചാലുങ്കൽ
(ചീഫ് എഡിറ്റർ)

## മഹാകവി കെ. വി. സൈമൺ എല്ലാ മതങ്ങളും പവിത്രങ്ങളെന്ന് വിശ്വസിച്ചിരുന്നുവോ ?



മഹാകവി
കെ. വി. സൈമൺ

2008 ഫെബ്രുവരി 9 ശനിയാഴ്ച്ച മഹാകവി കെ. വി. സൈമൺ സാറിന്റെ 125–ാം ജന്മദിനം പ്രമാണിച്ച് മലയാളത്തിലെ ഏറ്റവും വയനക്കാർ ഉണ്ടെന്ന് അവകാശപ്പെടുന്ന മലയാള മനോരമയുടെ കാഴ്ച്ചപ്പാട് പേജിൽ ഡോ. എം. ലീലാവതി എഴുതിയ ലേഖനമാണ് ഇങ്ങനെയൊരു ചോദ്യത്തിന് കാരണം. 'മനുഷ്യസ്നേഹത്തിന്റെ മഹാകാവ്യം' എന്ന തലക്കെട്ടോടെ വന്ന ലേഖനം പതിവ് ഓടിച്ചുവായനയിൽ തന്നെ എന്റെ ശ്രദ്ധയെ പിടിച്ചിരുത്തു. അതിന് പ്രധാന കാരണം മലയാള ക്രൈസ്തവ സഹാത്യത്തിൽ, അല്ല മലയാള ഭാഷാ സാഹിത്യത്തിന്റെ തന്നെ പരിണാമഘട്ടത്തിൽ, അഹിന്ദു സാഹിത്യകാരന്മാർ വ്യക്തമായ സ്വാധീനമൊന്നു മല്ലാതിരുന്നപ്പോൾ 'വേദവിഹാരം' എന്ന തന്റെ ഒറ്റ കൃതിയിലൂടെ മഹാകവിയായ സൈമൺ സാറിനെപ്പറ്റി സമകാലിക നിരൂപകർ എന്തു പറയുന്നു എന്ന് അറിയുന്നതിനുള്ള ആഗ്രഹമായിരുന്നു. "വേദവിഹാരത്തിന് സാമാന്യജനങ്ങളെ അകറ്റുന്ന മട്ടിലുള്ള പരിമിതികളില്ല. ശൈലിയിൽ എഴുത്തച്ഛന്റെയും നമ്പ്യാരുടെയും രചനകൾക്കുള്ള മികവുകൾ വേദവിഹാരത്തിന് നിയമേന കാണാം" എന്ന് ഉൾപ്പുളകത്തോടാണ് വായിച്ചത്.

എന്നാൽ ഞാൻ കേട്ടിട്ടുള്ള ഞാൻ മനസ്സിലാക്കിയിട്ടുള്ള സൈമൺ സാറുമായി നിരക്കുന്നതായിരുന്നില്ല ഡോ. എം. ലീലാവതി എഴുതിയ അവസാന വാചകം. "ഒട്ടേറെ ഗദ്യഗ്രന്ഥങ്ങളും രചിച്ച അദ്ദേഹത്തിന്റെ കൃതികളിലെ ഇതിവൃത്തങ്ങൾ ബൈബിളിലെ കഥകളാണെങ്കിലും മതങ്ങളെല്ലാം ഈശ്വരനിലേക്കുള്ള വഴികളാണെന്നും ലക്ഷ്യം ഈശ്വരനാകയാൽ എല്ലാ വഴികളും ഒരുപോലെ പവിത്രങ്ങളാണെന്നും വിശ്വസിച്ച വിശാലഹൃദയൻ ആയിരുന്നു, കെ. വി. സൈമൺ." ആയിരുന്നുവോ....? പ്രൊഫസർ എം. ലീലാവതി എങ്ങനെയിതറിഞ്ഞു? അദ്ദേഹത്തിന്റെ കൃതികളിൽ ഏതിലെങ്കിലും അങ്ങനെയൊരു സൂചനയെങ്കിലും ഉണ്ടോ?

മഹാകവി കെ. വി. സൈമൺ തന്നിലെ സഹിത വാസനയെ താനറിഞ്ഞ സത്യങ്ങളുടെ പ്രചരണത്തിനാണ് ഉപയൊഗിച്ചത്. എല്ലാം ഒന്നാണെന്നും ഒരെ വഴിയാണെന്നും പറയുന്ന ആധുനികസാഹിത്യകാരന്മാരെപ്പോലെ മുഖംമൂടിക്കുള്ളിൽ കഴിയുന്ന ഒരു ഭീരുവായിരുന്നില്ല അദ്ദേഹം. താൻ അംഗമായിരുന്ന മലങ്കര സുറിയാനി മാർത്തോമ്മ സഭ തന്നെ പുറത്താക്കുമെന്ന് അറിഞ്ഞിട്ടും തെല്ലും ഭയക്കാതെ വിശ്വാസസ്നാനം മുതലായ തിരുവചന സത്യങ്ങൾക്കു വേണ്ടി നിന്ന ധീരനായിരുന്നു അദ്ദേഹം. അതുകൊണ്ട് തന്നെ കേരളാ ക്രൈസ്തവസഭയുടെ നവീകരണ ചരിത്രമെഴുതുകയാണെങ്കിലും സൈമൺസാറിന് അതിൽ പ്രധാന സ്ഥാനമുണ്ടാകും. ഇതിന്റെ അർത്ഥം സൈമൺ സാറിന് തെറ്റ് പറ്റിയിട്ടില്ലെന്നല്ല. പരിശുദ്ധാത്മവ്, രക്ഷയുടെ ഭദ്രത തുടങ്ങിയവയെക്കുറിച്ചുള്ള തന്റെ ആശയങ്ങളൊട് തീർച്ചയായും വിയോജിപ്പുണ്ട്. എന്നാൽ എല്ലാ മതങ്ങളും പവിത്രമെന്ന് താൻ വിശ്വസിച്ചിരുന്നില്ല. ആധുനിക ലോകത്ത് സാഹിത്യകാരനാകാനുള്ള മിനിമം യോഗ്യതയിലൊന്ന് അങ്ങനെയൊരു വിശാലഹൃദയം ആയിരിക്കാം. പക്ഷെ "ദീനരിൽ കനിവ് നിന്നെപ്പോലെയാർക്കും കാണ്മാനാവതല്ലേ മൂവുലകുതേടിയാലും. സത്യപാത യെന്തെന്നറിയാതെ നിന്റെ പല പുത്രരയ്യോ മരുഭൂവിലുഴലുന്നു." എന്ന് പാടിയ കവിക്ക്, ആ കനിവ് അനുഭവിച്ചറിഞ്ഞ, ആ കരുണയുടെ പ്രദർശനമായ ക്രൂശിൽ നിന്നും ഒഴുകിയ രക്തത്തിൽ കുളിച്ച് ശുദ്ധനായ കവിക്ക് അങ്ങനെയൊരു വിശാലഹൃദയം ഇല്ലായിരുന്നു. അതിനിയും ഉണ്ടാക്കികൊടുത്ത് ആരും അദ്ദേഹത്തേ മഹാനാക്കണ്ട. അത് മഹാകവി കെ. വി. സൈമൺ നിലകൊണ്ട ആശയങ്ങളെ അപമാനിക്കലാകും.

# Back 2 Bible

ദൈവ വചനത്തിലേക്ക് അത് വിളിച്ചു പറയുന്ന സത്യങ്ങളിലേക്ക് ഒരു മടങ്ങിപ്പോക്ക്

We cordially welcome your valuable comments and feedback
WEBSITE : http://www.back2bible.com
EMAIL : editor@back2bible.com

For online Circulation | Vol. 1 Issue 1 | Feb. 2008


## ചരിത്രപുരുഷന്മാർ എന്തു പറയുന്നു

ശാസ്ത്രം ബൈബിളിനെ അപ്രസക്തമാക്കുമെന്ന് വേൾട്ടയർ പ്രഖ്യാപിച്ചുവെങ്കിൽ അയാളുടെ മരണശേഷം തന്റെ ബംഗ്ലാവ് ലക്ഷക്കണക്കിന് ബൈബിൾ സൂക്ഷിക്കുവാനുപയോഗിച്ച ഗോഡൗണായത് ചരിത്രത്തിലെ ഫലിതം. എന്നാൽ എല്ലാവരും അങ്ങനെയായിരുന്നില്ല. പ്രശസ്തർ ചിലർ തിരുവചനത്തെപ്പറ്റി പറഞ്ഞത് ഒന്ന് വായിച്ചു നോക്കിയാലും.

**ഏബ്രഹാം ലിങ്കൺ** : 'മാനവവർഗ്ഗത്തിനുള്ള ദൈവത്തിന്റെ ഏറ്റവും നല്ല സമ്മാനമാണ് ബൈബിൾ. ലോകരക്ഷിതാവിന് നമുക്കേകുവാനുള്ള എല്ല നന്മകളും ഈ പുസ്തകത്തിലുണ്ട്'

**ജോർജ്ജ് വാഷിംങ്ങ്ടൺ** : 'ദൈവവും വേദപുസ്തകവും കൂടാതെ ലോകം ഭരിയ്ക്കുക അസാദ്ധ്യമാണ്.'

**നെപ്പോളിയൺ** : 'ബൈബിൾ കേവലമൊരു പുസ്തകമല്ല, അതിനെ എതിർക്കുന്ന എല്ലാത്തിനെയും പിടിച്ചടക്കുവാൻ കഴിയുന്ന ജീവൽസൃഷ്ടി തന്നെയാണ്.'

**വിക്ടോറിയാ രാജ്ഞി** : 'ഇംഗ്ലണ്ടിന്റെ അധീശ ശക്തിക്ക് അവർ ബൈബിളിനോട് കടപ്പെട്ടിരിക്കുന്നു.'

**ചാർൾസ് ഡിക്കൻസ്** : 'ലോകത്തിൽ ഉണ്ടായിട്ടുള്ളതും ഇനിയുണ്ടാകുവാൻ പോകുന്നതുമായ എല്ലാ പുസ്തകങ്ങളെക്കാളും ഉന്നതമാണ് വേദപുസ്തകത്തിന്റെ സ്ഥാനം.'

**സർ വില്ല്യം ഹെർഷൽ** : 'എല്ലാ മാനുഷീക കണ്ടെത്തലുകളും വിശുദ്ധ വേദത്തിലെ സത്യങ്ങളെ ആവർത്തിച്ചുറപ്പിക്കുക എന്ന ഒരേ ദൗത്യമാണ് ചെയ്യുന്നത്.'

**സർ ഐസക് ന്യൂട്ടൺ** : 'ഏത് അംഗീകരിക്കപ്പെട്ട ചരിത്രത്തേക്കാളും ബൈബിളിന് ആധികാരികതയുണ്ട്'

## ചോദിക്കു...പറയാം.....

ചോദ്യം: കത്തോലിക്കരുടെ ബൈബിളിൽ 73 പുസ്തകമുണ്ടല്ലോ. അത് എങ്ങനെ സംഭവിച്ചു ? മറ്റുള്ളവർ അതിനെ അംഗീകരിക്കാത്തതെന്ത്?

ഉത്തരം: വളരെ വിശദമായ ഉത്തരം പറയണ്ട ഒരു വിഷയമാണിത്. എന്നൽ കഴിവതും ചുരുക്കത്തിൽ ഒരു മറുപടിക്കാണ് ശ്രമിക്കുന്നത്. പതിനാറാം നൂറ്റാണ്ട് വരെയും വേദപുസ്തകത്തിൽ 66 പുസ്തകങ്ങൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. കത്തോലിക്ക സഭയുടെ അംഗീകാരമുള്ള ലാറ്റിൻ വൾഗേറ്റിലും അപ്രകാരം തന്നെയായിരുന്നു. എന്നാൽ 73 ഈ മാറ്റത്തിന് എന്താണ് കാരണം. ആദ്യമായി റോമൻ കത്തോലിക്ക സഭയുടെ നിലപാട് തന്നെ നോക്കാം. "ക്രിസ്തു വർഷം 80–100 ൽ നടന്ന യാമ്നി സമ്മേളനത്തിൽ വച്ചാണ് യഹൂദാ നേതാക്കന്മാർ അവരുടെ കാനോനിക ഗ്രന്ഥങ്ങൾ നിർണ്ണയിച്ചത്. ഹെബ്രായഭാഷയിലുണ്ടായിരുന്ന ബൈബിൾഗ്രന്ഥങ്ങൾ മാത്രമേ പ്രാമാണികമായി അവർ സ്വീകരിച്ചുള്ളു.....കത്തോലിക്കർ ഒഴികെയുള്ള ക്രൈസ്തവസമൂഹങ്ങളും യഹൂദാനിലപാടാണ് സ്വീകരിച്ചിരുന്നത്." (പി. ഓ. സി. ബൈബിളിന്റെ ആമുഖത്തിൽ നിന്നും) യഥാർത്ഥത്തിൽ 1546 ലെ ത്രെന്തോസ് സുന്നഹദോസ് വരെ യഹൂദാ നിലപാട് തന്നെയായിരുന്നു അവർക്കുമുള്ളത്. ഒന്ന് മനസ്സിലാക്കുക പുതിയതായി കൂട്ടിച്ചേർത്ത പുസ്തകങ്ങൾ പഴയനിയപുസ്തകങ്ങളായിരുന്നു. പഴയനിയമം സഭയുടെ സ്ഥാപനത്തോട് പുതിയനിയമത്തിലേക്ക് കടക്കുകയാണ്. യേശുവിന്റെ കാലത്ത് തന്നെ കാനോനികമായ ഗ്രന്ഥങ്ങളെപ്പറ്റി യെഹൂദർക്ക് വ്യക്തമായ ധാരണയുണ്ടായിരുന്ന. പി. ഓ. സി. യുടെ ആമുഖത്തിൽ പറയുന്നതുപോലെ ക്രി. വ. 80–100 അല്ല ബി.സി. 200 ൽ തന്നെ യുസീഫസ് തിരുവെഴുത്തുകളെ വേർതിരിച്ച മറ്റുള്ളവയെ തള്ളപ്പറഞ്ഞിട്ടുണ്ട്. യെഹുദർ കെട്ടുകഥയെന്ന് കല്പ്പിച്ച് തള്ളിയ ഉത്തരകാനോനിക ഗ്രന്ഥങ്ങൾ അല്ലെങ്കിൽ അപ്പോക്രിഫാ അങ്ങനെ ക്രിസ്തീയ സഭയും അംഗീകരിച്ചില്ല. ഈ നിലപാട് 1546 വരെ ശരിയായിരുന്നുവെങ്കിൽ എന്തു കൊണ്ട് സഭയുടെ സ്ഥാപനത്തിന് 1500 വർഷങ്ങൾക്ക് ശേഷം ഈ മാറ്റംമറിച്ചിലിന് കരണമായി. ഉത്തരം വളരെ ലളിതമാണ് കത്തോലിക്കർ പഠിപ്പിച്ച ദുരുപദേശങ്ങൾ പലതിനും പടിച്ചു നിൽക്കുവാനുള്ള പിടിവള്ളിയായിരുന്നു ഈ കെട്ടുകഥകൾ. ഇന്ന് ഇതര ക്രൈസ്തവ വിഭാഗങ്ങളിൽ പലതും റോമസഭയുടെ പിന്നാലെ ഈ തെറ്റായ കൂട്ടിച്ചേർക്കലിനെ അനുകൂലിച്ചിരിക്കുന്നു.

# Message of the Church

Russell P. Spittler

The Church is essentially evangelistic: it has an evangel, a message of glad tidings. There are many ways and words useful in describing this message, for it is a message of unbelievable breadth. One word, perhaps, best describes what the Church has to say. That word is wholeness.

God created man whole. But since the Fall, he and his world have been broken into and endless number of fragments. Broken minds fill our mental institutions. Broken bodies fill our hospitals. Broken marriages are listed matter-of-factly in our newspapers. Even the Christian Church itself, with its many denominational divisions, reveals the splintering effect of the Fall.

God's goal in the world is completeness, soundness, health, and perfection. Through Christ wholeness is now possible-wholeness in body, and spirit; wholeness in history, society, and the Church.

The message of the Church is the message of its Lord. To the impotent man at the pool of Bethesda He said, "Wilt thou be made whole?" The pitiable response of the sick man typifies the sigh of lost man in today's fragmented world: "Sir, I have no man" (John 5:6,7). It is the privilege of the Church to become that man, to bring about wholeness and healing to an impotent world.

Wholeness is the message the Church offers to the world. The gospel is only a "full" gospel if it is concerned with the whole nature of man.

The Pentecostal movement has customarily summarized its leading doctrinal emphases in four well-known points: salvation, divine healing, the baptism in the Holy Spirit, and the second Coming. Each of these four designates an area in which wholeness is vitally needed.

What exactly is wholeness? More familiar is the word whole. The state or condition of being whole is called wholeness. Here is a definition of whole taken from an unabridged dictionary: "being uninjured or without signs of injury; of a wound, healed: more widely, sound and healthy or restored to soundness and health, as of body, mind or soul; in perfect condition physically and mentally; not broken or defective; undamaged, intact; containing all its constituent parts." God gave His Son to secure precisely this state in man.

The word whole has some surprising relatives in the English language. It comes from the very same root word as the word holy. In fact, it is true to say that holiness is wholeness. *Heal* and *health* both describe wholeness, usually (though not exclusively) physical. *Hallow* (as in the Lord's prayer, "Hallowed be thy name") means to reckon holy, whole, entire, the name of God. Holiday was originally a holy day. A halibut got its name form a "holy fish" - holy because it was to be eaten when other meats were forbidden by some parts of the Early Church. Halloween, curiously, is a corruption of "hallowed evening," the evening before the day celebrated as All Saints Day.

Biblical words for wholeness emphasize health, prosperity, and deliverance, in addition to separation from what is unwhole and consecration to Him who is perfect in wholeness.

Salvation is the personal reception of wholeness in soul. By being "saved" we mean that we have placed ourselves in the steam of God's healing grace and mercy. We invite Him to make us whole in soul. We become healed of man's greatest and most disastrous disease- sin. In a moment, by one touch of the Healer's hand, we become whole. We become, through Christ, righteous in God's eyes. This does not mean that immediately every problem is solved. But it does mean that we are declared whole and that we are now attended by the divine Physician of Souls-Jesus Christ.

(Source: "The Church" Written by Russell P. Spittler, Published in 1977 by Gospel Publishing House, Springfield, Missouri)